പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 1310

31/10/2019-ൽ

മറുപടിയ്ക്ക്

## സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ നടപടി

| ചോദ്യം<br>ശ്രീയു. ആർ പ്രദീപ് | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി കെട്ടിട നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ എത്ര സ്കൂളുകളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി കെട്ടിട നിർമ്മാണമടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 141 സ്കൂളുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതിൽ 8 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| (ബി) എത്ര സ്കൂളുകളിൽ പ്രസ്തുത പ്രവൃത്തി പുരോഗമിച്ചു വരുന്നുണ്ടെന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (ബി) പ്രവൃത്തി പൂർത്തിയാക്കിയ 8 സ്കൂളുകൾക്ക് പുറമേ 3 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തികൾ ഉടൻതന്നെ പൂർത്തിയാക്കി കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 48 സ്കൂളുകളിൽ 60%-ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിലും പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ നേതൃത്വത്തിലും പ്രതിമാസ അവലോകനം നടത്തി തുടർ നടപടി സ്വീകരിക്കുന്നുണ്ട്. കൂടാതെ കൃത്യമായ ഇടവേളകളിൽ ബഹു.പൊതുവിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിലും ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലും നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. |

Namitha.P

**സെക്ഷൻ ഓഫീസർ**